'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എ.പി. സനൽകുമാറിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2258/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 14/10/2019

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.08.2015–ലെ ഇ18(എസ്.സി.02/2015/എസ്.സി.കെ.)22338/2015 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 23.11.2015–ലെ 10595/ഡി2/2015/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 19.01.2017–ലെ 18/ഇപിബി3/2016/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. എ.പി. സനൽകുമാർ സമർപ്പിച്ച 11.06.2018–ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 17.03.2019–ലെ PAN/2370/2019-D1(DP) നമ്പർ കത്ത്

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഗ്രാമപഞ്ചായത്തിൽ നടക്കുന്ന അനധികൃത വാണിജ്യ കെട്ടിട നിർമ്മാണം സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഫറോക്ക് ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ മുൻനിർത്തി ഫറോക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. എ.പി. സനൽകുമാറിന് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

1. അംഗീകാരത്തിനായി സമർപ്പിച്ച പ്ലാൻ അനുസരിച്ച് കെട്ടിടത്തിന്റെ പടിഞ്ഞാറുഭാഗത്ത് തുറസ്സായ സ്ഥലം 3 7 സെ.മീറ്റർ മാത്രമാണ്. എന്നാൽ കെ.പി.ബി.ആർ ചട്ടം 97(എ) (5)–ൽ നിഷ്കർഷിക്കുംപ്രകാരം വസ്തു ഉടമയുടെ സമ്മതപത്രം ലഭ്യമാക്കിയിട്ടില്ല.

2. സമർപ്പിച്ച പ്ലാൻ അനുസരിച്ച് ആർ.സി.സി. കോളങ്ങളും സ്റ്റെയർ കെയ്സുകളും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിലുള്ള കെട്ടിടം അതിൽനിന്നും വ്യതിചലിച്ചാണ് നിർമ്മിച്ചിട്ടുള്ളത്. ഇത് കെ.പി.ബി.ആർ.–ലെ ചട്ടം 97(എ) (1) ന്റെ ലംഘനമാണ്.

3. കെ.പി.ബി.ആർ. ചട്ടം 7(ii) (iv) പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ കെട്ടിടനിർമ്മാണ അപേക്ഷയ്ക്കൊപ്പം സമർപ്പിക്കേണ്ടതാണ്. പക്ഷേ അത് പൂർണ്ണമായും ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല.

4. കെ.പി.ബി.ആർ. ചട്ടം 7(ii) (vii) പ്രകാരം കെട്ടിടത്തിനുചുറ്റും തുറസായി ഇടേണ്ട സ്ഥലത്തിന്റെ വിശദാംശം സൈറ്റ് പ്ലാനിനോടൊപ്പം സമർപ്പിക്കേണ്ടതായിരുന്നുവെങ്കിലും ആയത് സമർപ്പിച്ചിട്ടില്ല.

5. കെട്ടിടത്തിന്റെ പ്ലാൻ തയ്യാറാക്കുന്ന ബിൽഡിംഗ് സൂപ്പർവൈസറുടെ കെ.പി.ബി.ആർ. ചട്ടം 144 പ്രകാരമുള്ള സർട്ടിഫിക്കറ്റ് പ്ലാനിനോടൊപ്പം സമർപ്പിച്ചിട്ടില്ല.

6. ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലപരിശോധനാ റിപ്പോർട്ട് അവ്യക്തവും സ്ഥലത്ത് യഥാർത്ഥത്തിൽ ലഭ്യമായിട്ടുള്ള അളവുകളെ സംബന്ധിച്ച് യാതൊരു വിശദാംശങ്ങളും ഉൾക്കൊള്ളാത്തതുമാണ്.

7. മുൻഭാഗത്തൊഴികെ കെട്ടിടത്തിന്റെ മറ്റൊരുഭാഗത്തും അതിരു വേർതിരിക്കുന്ന മതിലുകൾ ഇല്ലാത്തതുമാണ്.

8. റോഡിൽ നിന്ന് പുതിയതായി നിർമ്മിച്ച ആർ.സി.സി. കൊളത്തിലേയ്ക്കുള്ള ദൂരം കേവലം 70 സെ.മീ. മാത്രമാണ്. ഇത് കേരള പഞ്ചായത്ത് രാജ് ആക്ടിലെ ചട്ടം 64(1), 64(2) പ്രകാരമുള്ള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനവും കൂടാതെ ചെറുവണ്ണൂർ ഫറോക്ക് വ്യവസായ ഏര്യ പദ്ധതി നം.4-ന്റെ വ്യവസ്ഥകൾ അനുസരിച്ചിട്ടില്ലാത്തതുമാണ്.

9. കെട്ടിടനിർമ്മാണ അനുമതിയ്ക്കായുള്ള പ്ലാനിൽ സെല്ലാർ ഫ്ലോറിന്റെ അളവുകൾ സൂചിപ്പിച്ചിരിക്കുന്നത് 595x698 സെ.മീ (പുറം) എന്നാണ്. എന്നാൽ യഥാർത്ഥത്തിലുള്ള അളവുകൾ 542x212 സെ.മീ. (അകം) ആണ്.

കുറ്റപത്രത്തിന് ശ്രീ. എ.പി. സനൽകുമാർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ. എ.പി. സനൽകുമാർ ബോധിപ്പിച്ച കാര്യങ്ങൾ ശരിയാണോ എന്ന് പരിശോധിക്കുന്നതിന് ഫറോക്ക് നഗരസഭയിൽ നിന്നും രേഖകൾ കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും, പ്രസ്തുത കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ച ഫയലുകൾ ടി ഓഫീസിൽ ലഭ്യമല്ലെന്നും, നിലവിൽ നഗരസഭയായ ടി ഓഫീസിലെ ബന്ധപ്പെട്ട അധികാരികളോട് അന്വേഷിച്ചതിൽ ടി ഫയൽ വിജിലൻസിന്റെ കൈവശമാണെന്നു നഗരസഭാ ജീവനക്കാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അറിയിച്ചതായും എന്നാൽ വിജിലൻസിന് കൈമാറിയ രേഖകൾ ലഭ്യമല്ലെന്നും എന്നാൽ ഫയലിന്റെ പകർപ്പ് പരിശോധിച്ചതിൽ കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷയിൽ സ്ഥലപരിശോധന നടത്തിയ ഓവർസിയർ യാതൊരു ചട്ടലംഘനവും റിപ്പോർട്ടിൽ രേഖപെടുത്തിയിട്ടില്ലെന്നും കെട്ടിട നിർമ്മാണ അനുമതിക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെക്രട്ടറി ബോധിപ്പിച്ചിട്ടുള്ളതുപോലെ സെക്ഷൻ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് എന്നിവർ ഫയൽ പരിശോധിച്ചതിന്റെ തെളിവുകൾ ഒന്നും ലഭ്യമായിട്ടില്ലെന്നും, അപേക്ഷയുടെ പിൻഭാഗത്തു തന്നെ ഓവർസീയർ റിപ്പോർട്ട് എഴുതുകയും സെക്രട്ടറി അത് അംഗീകരിക്കുകയും ഫീസ് വാങ്ങാൻ നിർദ്ദേശിച്ചതായും ഫയലിന്റെ പകർപ്പിൽ നിന്നും മനസിലാക്കുന്നതായും, സെക്ഷൻ ക്ലാർക്ക്, ജൂനിയർ സൂപ്രണ്ട് തുടങ്ങിയവർ ചട്ടലംഘനവും അപാകതയും കണ്ടെത്തിയിട്ടില്ലെങ്കിലും കെട്ടിട നിർമ്മാണ അനുമതി നൽകുന്ന സെക്രട്ടറി ചട്ടപ്രകാരമുള്ള പരിശോധന നടത്താൻ ബാധ്യസ്ഥനായിരുന്നുവെന്നും എന്നിരുന്നാലും ചട്ടലംഘനങ്ങൾ കൃത്യമായി ചൂണ്ടികാണിക്കാത്തത് സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി കാണാവുന്നതാണെന്നും എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് റിപ്പോർട്ട് ലഭിക്കാൻ കാലതാമസം ഉണ്ടായതായി കാണുന്നില്ലെന്നും പെർമിറ്റ് അനുവദിക്കാനുള്ള ഓവർസീയരുടെ റിപ്പോർട്ടിന്മേൽ സെക്രട്ടറി 09.03.2015 ന് ഫീസ് അടക്കാൻ

ഉത്തരവായിരുന്നെന്നും, 20.02.2015 ന് ലഭിച്ച അപേക്ഷ സൈറ്റ് പരിശോധനയും മറ്റ് നടപടികളും പൂർ ത്തീകരിച്ച 3 0 ദിവസം പൂർത്തിയാക്കുന്നതിന് മുൻപ് 09.03.2015 ന് തന്നെ ഫീസ് അടക്കാൻ ഉത്തരവാകുമ്പോൾ അതിൽ കാലതാമസം വന്നതായി കാണുന്നില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. എ.പി. സനൽകുമാർ ബോധിപ്പിച്ചിട്ടുള്ളതുപോലെ എഞ്ചിനീയറിംഗ് വിഭാഗം ചട്ടലംഘനമോ അപാകതയോ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നത് വസ്തുതയാണെങ്കിലും സൈറ്റിലെ അളവുകളിലെ പൊരുത്തക്കേടുകളൊഴികെ ബാക്കി 1 മുതൽ 8 വരെയുള്ള ആരോപണങ്ങളിൽ പരാമർശിക്കുന്ന പ്രസക്തമായ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നത് സൈറ്റ് പരിശോധന കൂടാതെ തന്നെ രേഖകൾ പരിശോധിച്ച ബോധ്യപ്പെടാനുള്ള അറിവ് സെക്രട്ടറിക്ക് ഉണ്ടായിരിക്കേണ്ടതാണ് എന്നതിനാൽ ശ്രീ. എ.പി. സനൽകുമാറിന്റെ എതിർവാദങ്ങൾ അംഗീകരിക്കാവുന്നതല്ലെന്ന് റിപ്പോർട്ട് ചെയിതിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. എ.പി. സനൽകുമാർ സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും സെക്രട്ടറിയായിരുന്ന ശ്രീ. എ.പി. സനൽകുമാറിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ ഫറോക്ക് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എ.പി. സനൽകുമാറിന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. എ.പി. സനൽകുമാർ, മുൻ സെക്രട്ടറി, ഫറോക്ക് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. വിജിലൻസ് (ഡി) വകുപ്പ് (യു.ഒ. റിമാർക്സ് നം.ഡി2/311/2019-വിജി. തീയതി 14.06.2019 പ്രകാരം)
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/18/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ